പതിനാലാം കേരള നിയമസഭ

15-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3049 18.06.2019-ൽ മറുപടിക്ക്

ഭൂമി തരം മാറ്റാൻ വ്യാജരേഖ നിർമ്മിച്ചത്

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റ. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) എറണാകുളം ചൂർണിക്കരയിൽ ഭൂമി തരം മാറ്റാൻ ലാൻഡ് റവന്യൂ കമ്മീഷണറുടെയും ആർ.ഡി.ഒ. യുടെയും പേരിൽ വ്യാജരേഖ യുണ്ടാക്കിയത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത വ്യാജരേഖ തയ്യാറാക്കിയവരെ സഹായിച്ചത് റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥരാണെന്ന കാര്യം സർക്കാർ പരിശോധിക്കുമോ; ഇവർക്കെതിരെ നടപടി സ്വീകരിക്കുമോ; | (എ) എറണാകുളം ജില്ല, ആലുവ താലൂക്ക്, ചൂർണ്ണിക്കര വില്ലേജ് ബ്ലോക്ക് നമ്പർ 34 സർവ്വെ നമ്പർ 7/3-2, 7/3-3, 7/3-4, 7/3-5, 7/3-6 എന്നിവയിൽപ്പെട്ട 0.29.21 ഹെക്ടർ വരുന്ന നിലം നികത്തുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറുടെയും, ഫോർട്ട് കൊച്ചി സബ്കളക്ടറുടേയും വ്യാജ ഉത്തരവുകൾ വ്യാജമായി ചമയ്ക്കുകയും ടി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ റവന്യൂ രേഖകളിൽ മാറ്റങ്ങൾ വരുത്തുന്നതിനും ഉണ്ടായ ശ്രമങ്ങൾ ക്രിമിനൽ കുറ്റങ്ങളായതിനാൽ ആയതു സംബന്ധിച്ച് ആലുവ പോലീസ് സ്റ്റേഷനിൽ 926/19 നമ്പർ ക്രൈം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് ഇപ്രകാരമുള്ള വ്യാജ ഉത്തരവുകൾ ചമച്ചതിനു പിന്നിൽ പ്രവർത്തിച്ച ആൾക്കാരെയും കണ്ടെത്താൻ സാധിക്കും. |
| (ബി) 2016 ജനുവരി മുതൽ റവന്യൂ വകുപ്പിലെ വിവിധ ഓഫീസുകളുടെ പേരിൽ ഉണ്ടാക്കിയ വ്യാജ രേഖകളെ സംബന്ധിച്ച വ്യക്തമായ വിവരം ലഭ്യമാക്കുമോ; | (ബി) 2016 ജനുവരി മുതൽ ചൂർണ്ണിക്കര വില്ലേജിലെ വ്യാജരേഖ ചമയ്ക്കൽ കേസ് ഒഴികെ റവന്യൂ വകുപ്പിലെ വിവിധ ഓഫീസുകളുടെ പേരിൽ വ്യാജ രേഖകൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ഉദ്യോഗസ്ഥരെ കണ്ടെത്തി യിട്ടുണ്ടോ; അവർക്കെതിരെ സ്വീകരിച്ച നടപടികൾ അറിയി ക്കുമോ? | (സി) ക്രിമിനൽ കുറ്റങ്ങളായതിനാൽ ആലുവ പോലീസ് സ്റ്റേഷനിൽ 926/19 നമ്പർ ക്രൈം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. വ്യാജ ഉത്തരവ് ചമച്ചതിന് പിന്നിൽ പ്രവർത്തിച്ച ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ.അരുൺ കുമാറിനെ അറസ്റ്റ് ചെയ്യുകയും 11.05.2019 തീയതി പ്രാബല്യത്തിൽ ടിയാനെ സസ്പെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**